# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : വിഷയം- ജയിലുകൾ - ആസ്ഥാനകാര്യാലയം – പ്രിസൺ ഡവലപ്മെന്റ് ഫണ്ട് വിനിയോഗം – വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 10/01/2019 ലെ സ.ഉ. (സാധാ) നമ്പർ. 213/2019/ധന. സർക്കാർ ഉത്തരവ്

**<u>ഉത്തരവ് നമ്പർ. P5-3120/2020/PrHQ; തീയതി : 06-01-2023</u>**

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ 2018-19 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ, (ഖണ്ഡിക 231) ജയിലുകളിൽ ചുരുങ്ങിയ വേതനത്തിൽ തടവുകാർ ഉത്പാദിപ്പിയ്ക്കുന്ന ഉത്പന്നങ്ങളുടെ ലാഭവിഹിതത്തിന്റെ 50 ശതമാനം പ്രിസൺ ഡവലപ്മെന്റ് ഫണ്ട് എന്ന നിലയിൽ അനുവദിയ്ക്കുന്നതായും ആയത് തടവുകാരുടെ ക്ഷേമത്തിനും ജയിലുകളുടെ അറ്റകുറ്റപണികൾക്കും ഉപയോഗപ്പെടുത്താവുന്നതാണ് എന്ന് പ്രഖ്യാപനം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ജയിൽ വകുപ്പ് മേധാവി, സീനിയർ ഫിനാൻസ് ഓഫീസർ, ആഭ്യന്തര വകുപ്പിന്റെ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രിസൺ ഡവലപ്മെന്റ് ഫണ്ട് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് പരാമർശം പ്രകാരം ഉത്തരവായിരുന്നു.

പ്രിസൺ ഡവലപ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട് ഐ.റ്റി/സോഫ്റ്റ്‌വെയർ സംബന്ധിച്ച വിഷയങ്ങളിൽ GO(Ms) No. 18/2017/ITD dt.23/07/2017, GO (Ms) No. 21/2021/ITD dt.26/07/2021 എന്നീ സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതിനും, ഇതിലേക്കായി ജയിലാസ്ഥാന കാര്യാലയം ടെക്നിക്കൽ സെൽ ജോയിന്റ് സൂപ്രണ്ടിന്റെ അദ്ധ്യക്ഷതയിൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. ഐറ്റി മിഷൻ പ്രതിനിധി – മെമ്പർ
2. NIC/PWD Electronics Wing പ്രതിനിധി – മെമ്പർ
3. വെൽഫെയർ ഓഫീസർ-ടെക്നിക്കൽ സെൽ-മെമ്പർ
4. ടെക്നിക്കൽ സെൽ DPO-മെമ്പർ

ടി കമ്മിറ്റി പ്രിസൺ ഡവലപ്മെന്റ് ഫണ്ട് കമ്മിറ്റി/വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് ആവശ്യപ്പെടുന്നതനുസരിച്ച് ഐടി/സോഫ്റ്റ്‌വെയർ സംബന്ധിച്ച വിഷയങ്ങളിൽ ടെക്നിക്കൽ കമ്മിറ്റി കൂടി ആവശ്യമായ ശിപാർശകൾ/മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

P5-3120/2020/PrHQ

68c72d

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് : എസ്എഫ്ഓ/പിഓ /അക്കൌണ്ട്സ് ഓഫീസർ/ ജെഎസ് (പി)/ഫയൽ

P5-3120/2020/PrHQ

68c72d